## പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5885  30/07/2015 – ൽ മറുപടിയ്ക്ക്

## സായൂജ്യം പാർപ്പിട പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ<br>" ഡൊമിനിക് പ്രസന്റേഷൻ<br>" ജോസഫ് വാഴയ്ക്കൻ<br>" സണ്ണി ജോസഫ് | ശ്രീ. കെ.എം.മാണി<br>(ധന-നിയമ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി) |
| എ) സായൂജ്യം പാർപ്പിട പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) സംസ്ഥാനത്തെ ചെറിയ ടൗണുകളിലും ഗ്രാമങ്ങളിലും ഇടത്തരം വരുമാനക്കാർക്ക് താങ്ങാവുന്ന വിലയ്ക്ക് പ്ലോട്ടുകൾ നൽകുന്നതിന് വേണ്ടി ഭവന നിർമ്മാണ ബോർഡ് സ്വാശ്രയാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് സായൂജ്യം ഭൂവികസന പദ്ധതി. |
| സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്? | സി) കാസർഗോഡ് ജില്ലയിലെ മധൂറിൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള 261.78 സെന്റ് ഭൂമിയിൽ 27 പ്ലോട്ടുകൾ വികസിപ്പിക്കുകയും 25 പ്ലോട്ടുകൾ വില്പന നടത്തുകയും ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിലെ അയർക്കുന്നത്ത് ബോർഡിന്റെ ഉടമസ്ഥതയിലുള്ള 206 സെന്റ് വിസ്തീർണ്ണമുള്ള ഭൂമിയിൽ 12 പ്ലോട്ടുകൾ വികസിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ